# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **901** **09/8/2017** -ലെ മറുപടി

# ചേർത്തല താലൂക്കിലെ 'ജിക്ക' പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എം.ആരിഫ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ചേർത്തല താലൂക്കിലെ JICA പദ്ധതിയുമായി ബന്ധപ്പെട്ട് നിലവാരം കുറഞ്ഞ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാന പ്രകാരം നിലവാരം കുറഞ്ഞ പൈപ്പുകൾ ഇടാനുണ്ടായ സാഹചര്യത്തെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഈ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് എടുത്ത നടപടികൾ വിശദമാക്കാമോ; | (എ) ആലപ്പുഴ ജില്ലാ പോലീസ് വിജിലൻസിന്റെ കീഴിൽ ഇതിനെ സംബന്ധിച്ച അന്വേഷണം നടന്നുവരികയാണ്.<br>ജി.ആർ.പി പൈപ്പ് മാറ്റി സ്ഥാപിക്കുവാനായി എ.ബി.ജി എഞ്ചിനീയറിംഗ് എന്ന കമ്പനിക്ക് കരാർ നൽകിയിട്ടുണ്ട്. പൈപ്പ് മാറ്റിസ്ഥാപിക്കുന്ന ജോലികൾ 2017 നവംബറിൽ ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) മറവൻതുരുത്തിൽ ഉപ്പുവെള്ളം കയറുന്നത് തടയാനായി മുറിഞ്ഞ പുഴയിലും ഇത്തിപ്പുഴയിലും സ്പിൽവേകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ; | (ബി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ KIIFB ധനസഹായത്തോടെ മറവൻതുരുത്തിൽ ഉപ്പുവെള്ളം കയറുന്നത് തടയാനായി മുറിഞ്ഞപുഴയിലും ഇത്തിപ്പുഴയിലും 2 റഗുലേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ടെൻഡർ നടപടികൾ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ചുവരുന്നു. |
| (സി) മറവൻതുരുത്തിൽ പൈപ്പ് ലൈൻ മാറ്റുമ്പോൾ തദ്ദേശവാസികളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് അനുബന്ധ റോഡുകൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ; | (സി) മറവൻതുരുത്തിൽ പൈപ്പ് ലൈൻ മാറ്റുമ്പോൾ തദ്ദേശവാസികളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന്, സമാന്തര റോഡുകൾ പുനരുദ്ധരിക്കുവാൻ വേണ്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ മറവൻതുരുത്ത് പഞ്ചായത്തിനോട് കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനു വേണ്ടിവരുന്ന തുക കേരള വാട്ടർ |

അതോറിറ്റി പഞ്ചായത്തിനു നൽകി പഞ്ചായത്ത് മുഖാന്തിരം ഒക്ടോബർ മാസത്തിൽ സമാന്തര റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതാണ്.

(ഡി) പൈപ്പ് മാറ്റൽ നാലു മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഇത് സംബന്ധിച്ച് എടുത്ത മുൻകരുതലുകൾ വിശദമാക്കാമോ?

(ഡി) പൈപ്പ് മാറ്റൽ 2017 നവംബറിൽ തുടങ്ങി നാല് മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നു വരുന്നു. 960 മീറ്റർ പൈപ്പ് സപ്ലൈ ചെയ്ത് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബാക്കി പൈപ്പുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

JSK/